ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
ഇ-മെയിൽ :dhskerala.hlth@kerala.gov.in
വെബ്സൈറ്റ്: www.dhs.kerala.gov.in

---

## വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പിലെ ഗർഭിണികളുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങള്

- ജില്ലാതല വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പിലെ ഗർഭിണികളുടെയും , കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനുള്ള ചുമതല ജില്ലാ ആർ.സി.എച്ച് ഓഫീസർക്കാണ്.

- ക്യാമ്പിലെ ഗർഭിണികളുടെയും , കുട്ടികളുടെയും ആരോഗ്യ പരിചരണം , പ്രതിരോധ കുത്തിവയ്പ്പുകൾ , വിവരശേഖരണം (ലൈൻലിസ്റ്റ് -പ്രസവത്തീയതി , സങ്കീർണ്ണതകള് , പ്രസവാനന്തര കാലയളവ് തുടങ്ങിയവ), കൗൺസിലിംഗ് എന്നിവ ക്യാമ്പുകളുടെ ചുമതലയുള്ള ജെ.പി.എച്ച്.എൻ ഉറപ്പുവരുത്തേണ്ടതാണ്.

- ദുരിതാശ്വാസ ക്യാമ്പുകളുടെ മുകളിൽപ്പറഞ്ഞ കാര്യങ്ങളുടെ മേൽനോട്ടം , വിവരശേഖരണം എന്നിവ പി.എച്ച്.എൻ ചെയ്യേണ്ടതാണ് .

- പി.എച്ച്.എൻ വാക്സിനുകളുടെ ലഭ്യത , കോൾഡ് ചെയിൻ ഉപകരണങ്ങളുടെ പ്രവർത്തനം , ഐസ് പാക്ക് കണ്ടിഷനിംഗ് എന്നിവ ഉറപ്പുവരുത്തേണ്ടതാണ് .

- ഓരോ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പുകളിലും അമ്മമാർക്ക് മുലയൂട്ടുന്നതിലേയ്ക്കായി സൗകര്യപ്രദവും , സ്വകാര്യതയുമുള്ള സ്ഥലം കണ്ടുപിടിക്കുകയും , അത് ഉറപ്പുവരുത്തുകയും വേണം .

- ക്യാമ്പിൽ അയൺ ഫോളിക്കാസിഡ് , ഗർഭിണികൾക്കും , കുട്ടികൾക്കും ആവശ്യമായ മരുന്നുകൾ എന്നിവയുടെ ലഭ്യത പി.എച്ച്.എൻ ഉറപ്പുവരുത്തേണ്ടതാണ് .

- ജില്ലയിലെ നിലവിലുള്ള കോൾഡ് ചെയിൻ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത റഫ്രിജറേഷൻ മെക്കാനിക്ക് ഉറപ്പുവരുത്തേണ്ടതുമാണ് . സംസ്ഥാന കോൾഡ് ചെയിൻ ഓഫീസർ ജില്ലാ തല പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും എല്ലാ ദിവസവും അഡിഷണൽ ഡയറക്ടർക്ക് (എഫ്.ഡബ്ളു) റിപ്പോർട്ട് നൽകേണ്ടതുമാണ് .

- ജെ.പി.എച്ച്.എൻ ദുരിതാശ്വാസ ക്യാമ്പുകളില് പ്രവർത്തിക്കുന്ന സമയങ്ങളില് ഫീൽഡ് തല വിവരങ്ങള് ആശാവർക്കർ ശേഖരിക്കുകയും പ്രസ്തുത വിവരങ്ങൾ അതാത് ജെ..പി.എച്ച്.എൻ മാർക്ക് കൈമാറേണ്ടതുമാണ്.

- ദുരിതാശ്വാസ ക്യാമ്പിൽ പകർച്ച വ്യാധികൾ ഉണ്ടെങ്കിൽ ഗർഭിണികൾക്കും കുട്ടികൾക്കും രോഗം വരാതിരിക്കാനുള്ള മുൻകരുതലുകള് എടുക്കേണ്ടതാണ് .

- അവശ്യ സന്ദർഭത്തില് ഗർഭിണികളെ റഫർ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങളെ കണ്ടുപിടിച്ച് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ് .

22/05/2024

അഡീഷണൽ ഡയറക്ടർ(പൊതുജനാരോഗ്യം)

ADDITIONAL DIRECTOR-PH
DIRECTORATE OF HEALTH SERVICES
THIRUVANANTHAPURAM